**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 180** **03-03-2025 - ൽ മറുപടിയ്ക്ക്**

**ജലജന്യ രോഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജലജന്യരോഗങ്ങൾ വർദ്ധിച്ചുവരുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ജലജന്യ രോഗങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകൾ മലിനമാകുന്നതാണ് ഇതിനു കാരണമെന്നു അനുമാനിക്കുന്നു. കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി എല്ലാ ജില്ലകളിലും ബോധവൽക്കരണത്തിന്റെ ഭാഗമായി വയറിളക്ക രോഗങ്ങളായ ഡയറിയ, ടൈഫോയിഡ്, കോളറ, ഷിഗെല്ല തുടങ്ങിയവയുടെ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കി. സംസ്ഥാനത്ത് കണ്ടെത്തിയിരിക്കുന്ന ജലദൗർലഭ്യം ഉള്ള പ്രദേശങ്ങളിൽ വയറിളക്കരോഗം മൂലമുള്ള നിർജലീകരണം തടയുന്നതിന് വേണ്ടി 2024 ഫെബ്രുവരി 14 മുതൽ 28 വരെ സംസ്ഥാനത്ത് ഒ.ആർ.റ്റി. വാരാചരണം നടത്തി. ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻവെള്ളം, ഒ.ആർ.എസ്. എന്നിവ നല്ലാവുന്നതാണെന്ന സന്ദേശം നൽകി. വയറിളക്ക രോഗമുള്ളപ്പോൾ ഒ.ആർ. എസിനൊപ്പം ആരോഗ്യ പ്രവർത്തകരുടെ നിർദേശ പ്രകാരം സിങ്ക് ഗുളികയും നൽകി. സംസ്ഥാനത്തെ എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും ഒ.ആർ.എസ്, സിങ്ക് ഗുളിക എന്നിവയുടെ ലഭ്യത ഉറപ്പാക്കി.<br><br>രോഗപ്രതിരോധത്തിനായി കൈകൾ സോപ്പുപയോഗിച്ച് കഴുകുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ സൃഷ്ടിക്കുന്നതിനായി സ്കൂൾ അസംബ്ലിയിൽ സന്ദേശം നൽകുകയും ശാസ്ത്രീയമായി കൈ കഴുകുന്ന രീതി കുട്ടികളെ പഠിപ്പിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ കൈകഴുകുന്ന സ്ഥലത്ത് പതിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും പരിപാടിയുടെ ഭാഗമായി നടത്തി. വയറിളക്ക രോഗമുള്ളപ്പോൾ ഒ.ആർ.എസിനൊപ്പം സിങ്ക് |

| | | | |
|---|---|---|---|
| | | | നൽകുന്നത് ശരീരത്തിൽ നിന്നും ഉണ്ടായ ലവണ നഷ്ടം പരിഹരിക്കുന്നതിനും രോഗം വേഗം ഭേദമാകുന്നതിനും വിശപ്പ്, ശരീരഭാരം എന്നിവ വീണ്ടെടുക്കുന്നതിനും സഹായിക്കുന്നു. രണ്ട് മുതൽ ആറ് മാസം വരെ പ്രായമുള്ള കുട്ടികൾക്ക് ദിവസം 10 മില്ലി ഗ്രാം ഗുളികയും ആറ് മാസത്തിന് മുകളിൽ പ്രായമുള്ള കുട്ടികൾക്ക് 20 മില്ലി ഗ്രാം ഗുളികയും 14 ദിവസം നൽകുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | വയറിളക്കം, ടൈഫോയ്ഡ്, കോളറ എന്നീ രോഗങ്ങൾ വർദ്ധിച്ചു വരുന്നത് തടയാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ; | (ബി) | കുടിവെള്ളത്തിന്റെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിനായി വിവിധങ്ങളായ പരിശോധന സംവിധാനങ്ങൾ നടപ്പിലാക്കുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാക്കുന്നതിനായി പ്രത്യേക ഡ്രൈവുകൾ സംഘടിപ്പിക്കുന്നു. ഔട്ട് ബ്രേക്കുകൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജില്ലാതല ദ്രുത നിവാരണ ടീമുകൾ ഫലപ്രദമായി ഇടപെടൽ നടത്തി സാഹചര്യം നിയന്ത്രണവിധേയമാക്കുന്നു. 'സ്റ്റോപ്പ് ഡയേറിയ ക്യാമ്പയിൻ' എന്ന പേരിൽ 5 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളിൽ വയറിളക്ക രോഗങ്ങൾ മൂലമുള്ള മരണങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനായി 2025 ജനുവരി 8 മുതൽ മാർച്ച് 7വരെ രണ്ടുമാസക്കാലം നീണ്ടുനിൽക്കുന്ന ബൃഹത്തായ ഒരു പരിപാടി സംസ്ഥാന വ്യാപകമായി നടത്തി വരുന്നു. 5 വയസ്സിൽ താഴെ പ്രായമുള്ള കുഞ്ഞുങ്ങളുടെയും, മുലയൂട്ടുന്ന അമ്മമാരുടെയും ഭവനങ്ങളിൽ ഒ.ആർ.എസ്, സിങ്ക് ഗുളികകൾ നേരിട്ടെത്തിക്കുന്നതോടൊപ്പം വിവിധ തരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. വയറിളക്കരോഗമുള്ള കുട്ടികൾക്ക് ഒ.ആർ.എസ്., സിങ്ക് ഗുളികകൾ നൽകുന്നുവെന്ന് ഉറപ്പാക്കുക, വയറിളക്കം മൂലമുള്ള ശിശുമരണം ഇല്ലാതാക്കുക, ഒ.ആർ.എസ്, സിങ്ക് ഗുളികകൾ എന്നിവ നൽകേണ്ടതിന്റെ പ്രധാന്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക എന്നിവയാണ് ഈ പക്ഷാചരണത്തിന്റെ ലക്ഷ്യങ്ങൾ.<br><br>സംസ്ഥാനത്ത് ജലജന്യ രോഗങ്ങൾ വർദ്ധിച്ചു വരുന്നത് കൂടി കണക്കിലെടുത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പ് മഴക്കാലത്തും വേനൽക്കാലത്തും പ്രത്യേക പരിശോധനകൾ നടത്തി വരുന്നു. 2024-25 വർഷത്തിൽ മൺസൂൺ കാലയളവിൽ ജലജന്യ രോഗങ്ങൾ തടയുന്നതിനായി 'ഓപ്പറേഷൻ മൺസൂൺ' എന്ന പ്രത്യേക ഡ്രൈവ് നടത്തുകയും 12381 പരിശോധനകൾ നടത്തുകയും 1586 കോമ്പൗണ്ടിങ് നോട്ടീസുകളും 335 closure |

| | | | |
|---|---|---|---|
| | | | നോട്ടീസുകളും നല്കുകയും packaged drinking water ഉൾപ്പെടെ വിവിധ പാനീയങ്ങളുടെ 928 statutory സാമ്പിളുകളും 6008 surveillance സാമ്പിളുകളും ശേഖരിച്ച് ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിൽ പരിശോധനയ്ക്ക് നല്കുകയും ഗുണനിലവാരം കുറഞ്ഞവയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.<br><br>Hepatitis ഉൾപ്പെടെയുള്ള ജലജന്യ രോഗങ്ങൾ തടയുന്നതിനായി സംസ്ഥാനത്ത് ഉടനീളം സ്പെഷ്യൽ ഡ്രൈവ് നടത്തി വരുന്നു. വയറിളക്കരോഗങ്ങൾ അടക്കമുള്ള പകർച്ചവ്യാധികളുടെ സ്ഥിതി വിലയിരുത്തുന്നതിനായി നിശ്ചിത ഇടവേളയിൽ സ്റ്റേറ്റ് ആർ.ആർ.റ്റി വിളിച്ചുചേർക്കുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തുവരുന്നു. |
| (സി) | ഭക്ഷണത്തിനും പാനീയങ്ങൾക്കുമായി ഉപയോഗിക്കുന്ന ജലം മലിനമല്ലെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഭക്ഷണത്തിനും പാനീയങ്ങൾക്കുമായി ഉപയോഗിക്കുന്ന ജലം മലിനമല്ലെന്ന് ഉറപ്പാക്കാനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുജനാരോഗ്യ നിയമ പ്രകാരമുള്ള പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. വീടുകളിലെയും സ്ഥാപനങ്ങളുടെയും കിണർ ക്ലോറിനേഷൻ നടത്തുന്നതിന് ആരോഗ്യ വിഭാഗം കൃത്യമായ ഇടപെടൽ നടത്തുന്നുണ്ട്. ഹെൽത്തി കേരള എന്നപേരിൽ എല്ലാ മാസവും രണ്ടാമത്തെ ചൊവ്വ വിദ്യാഭ്യാസ/അനുബന്ധ സ്ഥാപനങ്ങളിലും മൂന്നാമത്തെ ചൊവ്വ ഭക്ഷണ സാധനങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിലും സമയബന്ധിതമായി പരിശോധനകൾ നടത്തുന്നു. 2024 ഹെൽത്തി കേരളയുടെ ഭാഗമായ പരിശോധനയിൽ 142002 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 9409 നോട്ടീസ് നൽകുകയും, 3121100/-രൂപ പിഴയിനത്തിൽ ഈടാക്കുകയും, വ്യവസ്ഥകൾ പാലിക്കാത്ത 326സ്ഥാപനങ്ങൾ പൂട്ടിക്കുകയും ചെയ്തു. 46 സ്ഥാപനങ്ങൾക്കെതിരെ നടപടികൾക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പിനും, 548 സ്ഥാപനങ്ങൾക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ശുപാർശ ചെയ്തിട്ടുണ്ട്. ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സ്രോതസ്സുകളിൽ നിശ്ചിത ഇടവേളകളിൽ ക്ലോറിനേഷൻ നടത്തുന്നതിനും ജലം ആറ് മാസത്തിലൊരിക്കൽ ഗുണനിലവാര പരിശോധന നടത്തുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യ പ്രവർത്തകരും ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന കുടിവെള്ളം പരിശോധനക്ക് അയക്കുന്നുണ്ട്. NABL |

| | | | | |
|---|---|---|---|---|
| | | | | അക്രെഡിഷൻ ലാബുകളിൽ പരിശോധനക്ക് നിശ്ചിത നിരക്കിലുള്ള ഫീസ് ആണ് ഈടാക്കുന്നത്. ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാക്കുന്നതിനായി ക്ലോറിനേഷൻ ഡ്രൈവ്, ക്ലോറിൻ ടാബ് വിതരണം, കുടിവെള്ള ഗുണനിലവാര പരിശോധന, സ്റ്റൂൾ സാമ്പിൾ കളക്ഷൻ, അതിഥി തൊഴിലാളികളുടെ താമസസ്ഥലം പരിശോധന എന്നിവയും പൊതുജനാരോഗ്യ നിയമ പ്രകാരമുള്ള നടപടികളും സ്വീകരിച്ചു.<br><br>2025 ഫെബ്രുവരി മാസത്തിൽ ഓപ്പറേഷൻ ലൈഫ് എന്ന ഡ്രൈവിലൂടെ വിവിധ packaged drinking water unit കൾ soft drinks, non carbonated bevarages, ice candy, sipup എന്നിവയുടെ ഉല്പാദന സംഭരണ വിതരണ വിപണന കേന്ദ്രങ്ങളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രത്യേക പരിശോധന നടത്തിയിരുന്നു. ടി ഡ്രൈവിൽ 1987 പരിശോധനകൾ നടത്തുകയും 140 കോമ്പൗണ്ടിങ് നോട്ടീസുകളും 20 improvement നോട്ടീസുകളും 23 closure നോട്ടീസുകളും നൽകുകയും 4 സ്ഥാപനങ്ങൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ ശുപാർശ ചെയ്യുകയും വിവിധ പാനീയങ്ങളുടെ 150 statutary സാംപിളും 651 surveillance സാംപിളുകളും ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിൽ പരിശോധനയ്ക്ക് നല്കുകയും ചെയ്തിട്ടുണ്ട്.<br><br>ഭക്ഷ്യ സുരക്ഷാ ലൈസൻസ് സ്ഥാപനങ്ങൾക്ക് നൽകുന്നതിന് വെള്ളത്തിന്റെ പരിശോധന റിപ്പോർട്ട് നിർബന്ധമാക്കിയിട്ടുണ്ട്. ആയത് ദൈനംദിന പരിശോധനകളിൽ ഉൾപ്പെടുത്തുകയും ഉറപ്പാക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ